# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 143 — 28.11.2018 ൽ മറുപടിക്ക്

### എ.ടി.എം കവർച്ച

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് തുടരെത്തുടരെ നടക്കുന്ന എ.ടി.എം കവർച്ചകൾ മൂലം ഉളവായിട്ടുള്ള സാഹചര്യം ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് തുടരെ തുടരെ എ.ടി.എം കവർച്ച നടക്കുന്നില്ല. എ.ടി.എം കവർച്ചകൾ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ട്. |
| (ബി) | കൊച്ചിയിലും തൃശ്ശൂരിലും എ.ടി.എം തകർത്ത് 35 ലക്ഷം രൂപ അപഹരിച്ച കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (ബി) കൊച്ചി സിറ്റിയിൽ ഹിൽപാലസ് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള വിളക്കുകാൽ ജംഗ്ഷനിലുള്ള എസ്.ബി.ഐ, എ.ടി.എം-ൽ നിന്നും 25,05,000/- രൂപ കവർച്ച ചെയ്ത കാര്യത്തിന് ഹിൽപാലസ് പോലീസ് സ്റ്റേഷൻ ക്രൈം 1745/18 u/s 461 & 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിൽ പ്രസ്തുത കേസ്സിൽ ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ളതും പ്രതികളിൽ 1 ഉം 3 ഉം പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 2-ാം പ്രതിയെ ഫോർമൽ അറസ്റ്റ് ചെയ്തിട്ടുള്ളതും 4 ഉം, 5 ഉം, 6 ഉം പ്രതികളെ അറസ്റ്റ് ചെയ്യേണ്ടതായുമുണ്ട്. നിലവിൽ ഈ കേസ് സി.ഐ ഹിൽപാലസ് അന്വേഷിച്ചുവരുന്നു.<br>തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ കൊരട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ എ.ടി.എം തകർത്ത് പത്ത് ലക്ഷത്തി അറുപതിനായിരത്തി ഒരുന്നൂറ് രൂപ അപഹരിച്ചത് സംബന്ധിച്ച് കൊരട്ടി പി.എസ് ക്രൈം നം.568/18 u/s 457, 461, |

380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസ്സിൽ ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ളതും പ്രതികളിൽ 1 ഉം 3 ഉം പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 2-ാം പ്രതി പപ്പ എന്ന് വിളിക്കുന്ന പാപ്പിയെ ഫോർമൽ അറസ്റ്റ് ചെയ്തിട്ടുള്ളതും മറ്റ് മൂന്ന് പ്രതികൾക്കായി അന്വേഷണം ഊർജ്ജിത മാക്കിയിട്ടുമുള്ളതുമാണ്.

(സി) എ.ടി.എമ്മുകളുടെ സുരക്ഷ ശക്തിപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബാങ്ക് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; അതിനോടുള്ള ബാങ്ക് അധികൃതരുടെ പ്രതികരണം എന്താണെന്ന് അറിയിക്കുമോ?

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനോട് ബാങ്ക് അധികൃതർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ